(ബി) കെ. എഫ്. സി. യിൽനിന്നും ലോണെടുത്ത് വ്യവസായ സംരംഭങ്ങൾ നടത്തി റവന്യൂ റിക്കവറി നേരിടുന്നവരുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും കുത്തനെ പലിശ കുറയ്ക്കുന്നതിനനുസൃതമായി കേരളത്തിലെ ചെറുകിട നാമമാത്ര സംരംഭകർക്ക് കെ.എഫ്.സി. യിൽനിന്നും എടുത്ത ലോണിന് പലിശയിളവ് നൽകാതെ വൻ പലിശയും പിഴപലിശയും നടത്തേണ്ടിവരുന്ന സാഹചര്യം മനസ്സിലാക്കി വ്യവസായ സംരംഭകർക്ക് ആശ്വാസമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

ഉത്തരം

(എ) പരാതികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കെ.എഫ്.സി. പലിശ നിശ്ചയിക്കുന്നത് ചെറുകിട വ്യവസായ വികസന ബാങ്കിന്റെ നിർദ്ദേശപ്രകാരമാണ്. പുനർ വായ്പയായി ചെറുകിട വ്യവസായ ബാങ്കിൽ നിന്നും ലഭിക്കുന്ന തുകയും പത്തുവർഷ കാലാവധിക്ക് പുറപ്പെടുവിക്കുന്ന കടപത്രം മുതൽ ലഭിക്കുന്ന തുകയുമാണ് കെ. എഫ്. സി. യുടെ ധനാഗമ മാർഗ്ഗം. വായ്പയുടെ ചെലവ് 12.25 ശതമാനവും കടപ്പത്രം മുഖേനയുള്ള തുകയ്ക്ക് 12 ശതമാനവും ശരാശരി ചെലവ് നിലവിലുണ്ട്. ആയതിനാൽ ബാങ്കും മറ്റു ധനകാര്യ സ്ഥാപനങ്ങളും പലിശയിൽ കുറവു വരുത്തുന്നതിനനുസൃതമായി പലിശ കുറയ്ക്കുവാൻ കെ.എഫ്.സി. ക്ക് നിർവ്വാഹമില്ല. എന്നാൽ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുത്തിട്ടുള്ളവർക്ക് പലിശയുടെ കൂടിശ്ശികയുടെ 50% അടയ്ക്കുമ്പോൾ നിലവിലുള്ള നിരക്കായി 14.5% ആയി കുറയ്ക്കുവാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഒ.റ്റി.എസ്. അനുസരിച്ച് വായ്പ അടച്ചു തീർക്കുന്നവർക്ക് പിഴപലിശയിലും പലിശയിലും മുതലിലും അതനുസരിച്ച് ഇളവുകൾ നൽകി വരുന്നുണ്ട്.

കെ. എസ്. ഐ. ഡി. സി. വിളിച്ചിട്ടുള്ള ആഗോള ടെണ്ടറുകൾ

6 (4166) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കെ.എസ്.ഐ.ഡി.സി. ഏതെല്ലാം പദ്ധതികൾക്കുള്ള ടെൻഡർ വിളിച്ചു ;

(ബി) ഇവയുടെ ആകെ എസ്റ്റിമേറ്റുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ; ഈ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ ഉണ്ടായിരുന്ന ഉത്തരവാദിത്വം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2002 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കെ.എസ്. ഐ.ഡി.സി. ആഗോള ടെൻഡർവിളിച്ച വർക്കുകൾ എപ്രകാരം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ബി.ഒ.റ്റി. അടിസ്ഥാനത്തിലാണ് ഇവയുടെ വർക്കുനടത്തുന്നതെങ്കിൽ ഇവ എന്നത്തേയ്ക്ക് സംസ്ഥാനഗവൺമെന്റിന് ട്രാൻസ്ഫർ ചെയ്തുതരാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഇ) സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ പ്രോജക്ടുകൾക്കൊന്നും തന്നെ കെ.എസ്.ഐ.ഡി.സി. ടെൻഡർ വിളിച്ചിട്ടില്ല. പുതിയ വ്യവസായങ്ങൾ തുടങ്ങുവാനായി വ്യവസായ സംരംഭകരിൽനിന്നും താൽപര്യപ്രകാരം ക്ഷണിക്കുകമാത്രമാണ് ചെയ്തത്.

ആഗോള നിക്ഷേപക സംഗമത്തിൽ കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച പദ്ധതികൾ

7 (4167) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപക സംഗമത്തിൽ കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) 'ജിം' ൽ ഒപ്പു വച്ചതും പിന്നീട് മന്ത്രിസഭ അംഗീകരിച്ചതുമായ പദ്ധതികളുടെ നടത്തിപ്പിന്റേയും മേൽനോട്ടത്തിന്റേയും ചുമതല കെ.എസ്.ഐ.ഡി.സി. യ്ക്കാണോ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുള്ളതും പൂർത്തിയാക്കിയിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെ ആണെന്ന് വ്യക്തമാക്കാമോ ;

(ഇ) കെ.എസ്.ഐ.ഡി.സി. യുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ആഗോള നിക്ഷേപക സംഗമത്തിൽ കെ.എസ്.ഐ.ഡി.സി. യുടേതുൾപ്പെടെയുള്ള പദ്ധതികൾ വ്യവസായ വകുപ്പാണ് സമർപ്പിച്ചത്. അവയിൽ ചിലതുൾപ്പെടെ 24 പദ്ധതികൾക്കാണ് കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രങ്ങൾ ഒപ്പു വച്ചത്. വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly